# സമഗ്രശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2024-2025
## മലയാളം

ക്ലാസ് : 5 | അടിസ്ഥാനപാഠാവലി | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തങ്ങളിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**മധുരക്കിഴങ്ങിന്റെ രുചി**

ഇപ്പോ വീഴുമെന്നു തോന്നുന്ന ഓലപ്പുരയും അഞ്ചുസെന്റ് മണ്ണും മാത്രം. ഈ കുഞ്ഞുങ്ങൾ എങ്ങനെ ജീവിക്കും? ഗ്രാമം മൂക്കത്തു വിരൽ വച്ചു. പതുക്കെ ആ കുഞ്ഞുങ്ങളെ എല്ലാവരും മറന്നു. ഭക്ഷണവുമായി ഇനിയൊരിക്കലും അമ്മൂമ്മ വരില്ലെന്ന് മനസ്സിലായപ്പോൾ എട്ടുവയസ്സുകാരനായ സുജിത്ത് മെല്ലെ പുറത്തിറങ്ങി. കുറച്ചു ദിവസം അയൽക്കാരൊക്കെ എന്തെങ്കിലും കഴിക്കാൻ കൊടുത്തു. അവൻ അനുജത്തിയെ തോട്ടിൽ കൊണ്ടുപോയി, തണുത്ത വെള്ളത്തിലിരുത്തി കുളിപ്പിച്ചു. തലമുടി തോർത്തിക്കൊടുത്തു. മഴ പെയ്തപ്പോൾ തന്റെ പുതപ്പ് അവൾക്കുകൊടുത്തു. ഇടിവെട്ടിയപ്പോൾ അവൻ പേടിച്ചില്ല. സന്തോഷിച്ചു. ഇടിവെട്ടിയാൽ കൂണുകൾ മുളയ്ക്കുമെന്ന് ചോയിച്ചി പറഞ്ഞു കൊടുത്തിരുന്നു. കൂണുകൾ മുളച്ചാൽ പിറ്റേന്നു കാലത്ത് അതൊക്കെ നുള്ളിയെടുത്തു കൊണ്ടുവന്ന് പുഴുങ്ങിക്കഴിക്കാമല്ലോ.

സന്തോഷ് ഏച്ചിക്കാനം

(1) 'ഗ്രാമം മൂക്കത്തു വിരൽ വച്ചു.' എന്നതു കൊണ്ട് അർഥമാക്കുന്നത്?
- എ) കുട്ടികളുടെ അവസ്ഥയോർത്ത് ഉത്കണ്ഠപ്പെട്ടു
- ബി) ചുറ്റുപാടും ദുർഗന്ധമുള്ളതുകൊണ്ട് മൂക്കുപൊത്തി
- സി) സ്വയം നാണം വന്നതു കൊണ്ട് മൂക്കിൽ വിരൽവച്ചു
- ഡി) ഗ്രാമത്തിലെ ആചാരത്തിന്റെ ഭാഗമായി മൂക്കിൽ തൊട്ടു

(2) കഥാഭാഗം വായിക്കുമ്പോൾ മനസ്സിലാകുന്ന ജീവിതാവസ്ഥ എന്ത്?
- എ) സന്തോഷം
- ബി) ദാരിദ്ര്യം
- സി) പരിഹാസം
- ഡി) നിസ്സംഗത

(3) സുജിത്ത് എപ്പോഴാണ് തന്റെ പുതപ്പ് അനുജത്തിയ്ക്കു നൽകിയത്?
- എ) തണുത്ത വെള്ളത്തിലിരുത്തിയപ്പോൾ
- ബി) അയൽക്കാർ മറന്നപ്പോൾ
- സി) മഴപെയ്തപ്പോൾ
- ഡി) കഴിക്കാൻ കൊടുത്തപ്പോൾ

(4) ഇടിവെട്ടിയപ്പോൾ സുജിത്ത് സന്തോഷിച്ചത്.
- എ) അയൽക്കാരെയോർത്ത്
- ബി) അമ്മൂമ്മയെയോർത്ത്
- സി) കൂണുകൾ മുളയ്ക്കുന്നതിനാൽ
- ഡി) വെള്ളം തണുക്കുന്നതിനാൽ

(5) 'എട്ടു വയസ്സുകാരനായ സുജിത്ത് മെല്ലെ പുറത്തിറങ്ങി' എപ്പോൾ?
- എ) ഓലപ്പുര ചോർന്നപ്പോൾ
- ബി) ഭക്ഷണവുമായി ഇനി അമ്മൂമ്മ വരില്ലെന്നറിഞ്ഞപ്പോൾ
- സി) തോട്ടിൽ വെള്ളം കയറിയപ്പോൾ
- ഡി) ശക്തമായ മഴ പെയ്തപ്പോൾ

**പ്രവർത്തനം 2**

**(എ) കുറിപ്പ് തയ്യാറാക്കുക**

ഉറക്കം തൂങ്ങിക്കൊണ്ട് അവൻ ഭക്ഷണത്തിന് മുന്നിലിരിക്കും. അമ്മ ചോറു കുഴച്ച് വാരിക്കൊടുക്കും "എന്റെ മോൻ ഇത്തിരികൂടി ഉണ്ടോളൂ"

'മുത്തശ്ശി ഒരു കഥ തുടങ്ങുന്നു' എന്ന കഥയിലെ അമ്മ മകനോടുള്ള വാത്സല്യവും കരുതലും പ്രകടിപ്പിക്കുന്ന സന്ദർഭമാണിത്. അമ്മയുടെ മറ്റു പ്രത്യേകതകൾ എന്തൊക്കെയാണ്? 'അമ്മ' എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**ബി)** അവൻ വീണ്ടും തന്റെ അപേക്ഷ ആവർത്തിച്ചു. എന്തായിരുന്നു ഉണ്ണിക്കണ്ണന്റെ അപേക്ഷ?

(ബംഗ്ലാവിൽ വീണ്ടും പോകണം, കഥകേൾക്കണം, ഊഞ്ഞാൽ വേണം, പൂന്തോട്ടത്തിൽ കളിക്കണം)

**പ്രവർത്തനം 3**

**എ) വിശകലനക്കുറിപ്പ്**

"അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ."

കുട്ടികളുടെ വികൃതികളെല്ലാം അവർക്ക് ഭൂഷണമാണെന്നാണ് അമ്മ കരുതുന്നത്. 'പരിക്കേറ്റ കുട്ടി' എന്ന കവിതയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ബി)** കുമാരനാശാന്റെ ഏതു കൃതിയിൽ നിന്നെടുത്തതാണ് 'പരുക്കേറ്റ കുട്ടി' എന്ന കവിത?

(കുട്ടിയും തള്ളയും, പുഷ്പവാടി, മിന്നാമിനുങ്ങ്, വീണപൂവ്)

**പ്രവർത്തനം 4 – ആസ്വാദനക്കുറിപ്പ്**

**കടൽ**

കടലേ നിന്നുടെ കഞ്ഞിയിലാരാ-
ണുപ്പു കലക്കി പറയാമോ?
ഉപ്പതു കൂടിയ കാരണമാണോ
നീയെപ്പോഴുംതുള്ളുന്നു.
നിന്നെക്കാണാൻ നിൽക്കുന്നേരം
തിരകൾ വന്നു നനയ്ക്കുന്നു.
നിന്നുടെ കൈയിൽ മുത്തുണ്ടോ?
മുത്തിലൊരെണ്ണമെനിയ്ക്കുണ്ടോ?

നീതു ജെ.

'കടൽ' എന്ന കവിത വായിച്ചല്ലോ. കവിതയുടെ ആശയം, ഇഷ്ടവരികൾ, വാക്കുകളുടെ ഭംഗി, മറ്റു പ്രത്യേകതകൾ എന്നിവ ചേർത്ത് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**പ്രവർത്തനം 5**

**(എ) അനുഭവക്കുറിപ്പ്**

"എത്രയൊക്കെ കഷ്ടതകളുണ്ടെങ്കിലും ഭൂമിയിൽ ഒരുപാട് നന്മകളുണ്ട്. ആ നന്മകൾ കൂടുതലുള്ളത് കുഞ്ഞുങ്ങളിലും."

'നന്മപ്പൂക്കൾ' എന്ന കഥയിലെ ഈ വരികൾ ഓർമ്മിക്കുന്നുണ്ടല്ലോ. മറ്റുള്ളവർക്കായ് നന്മകൾ ചെയ്ത കുഞ്ഞുങ്ങളാണ് നിങ്ങളും. നിങ്ങൾ ചെയ്ത നന്മ നിറഞ്ഞ പ്രവൃത്തിയെക്കുറിച്ച് കുറിപ്പെഴുതുക.

(ബി) 'മിനിയ്ക്കുവേണ്ടി അവർക്കതു ചെയ്തേ മതിയാവുമായിരുന്നുള്ളൂ.' എന്താണ് കുട്ടുകാർ ചെയ്തത്?

(ഷൂ വൃത്തിയാക്കി, ചൂടുകുപ്പായങ്ങൾ വാങ്ങി, അച്ഛനമ്മമാരെ കണ്ടെത്തി, പരീക്ഷയെഴുതിക്കൊടുത്തു)

**പ്രവർത്തനം 6 – സ്നേഹസന്ദേശം**

'കനിവായ് നിലാവായ്' എന്ന യൂണിറ്റിലെ എല്ലാ പാഠങ്ങളിലും സ്നേഹത്തെക്കുറിച്ചാണ് വിവരിക്കുന്നത്. അച്ഛനമ്മമാരും കൂട്ടുകാരും സഹോദരങ്ങളുമൊക്കെ ജീവിതത്തിൽ നമ്മളെ സ്നേഹിക്കുന്നുണ്ട്. അങ്ങനെ നമ്മൾ സ്നേഹിക്കുകയും നമ്മളെ സ്നേഹിക്കുകയും ചെയ്യുന്ന എത്രയോ പേരുണ്ട്! ക്ലാസ്സിൽ തയ്യാറാക്കുന്ന സ്നേഹപ്പതിപ്പിലേയ്ക്ക് ഒരു സ്നേഹസന്ദേശം തയ്യാറാക്കുക.